സർ, ഏഴാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(8) ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, എട്ടാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(9) വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഒൻപതാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(10) മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, പത്താം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VI നിയമനിർമ്മാണ കാര്യം

2000-ത്തിലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് (അമെന്റ്മെന്റ്) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

മി. സ്പീക്കർ : ശ്രീ. വി. പി. രാമകൃഷ്ണ പിള്ളക്ക് ബിൽ അവതരിപ്പിക്കാം.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, 2000-ത്തിലെ കേരള മേട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റുമെന്റ്) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, ഓർഡിനൻസ് പ്രഖ്യാപിച്ചു കൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചു കൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിക്ക് പ്രമേയം അവതരിപ്പിക്കാം

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, 2000-ത്തിലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റുമെന്റ്) ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : പ്രമേയത്തെ പിന്താങ്ങി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എളമരം കരീം, അങ്ങേക്ക് ഭേദഗതി അവതരിപ്പിക്കാം.

ശ്രീ. എളമരം കരീം : സർ, 2000 - ത്തിലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-6-2000 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, 2000-ത്തിലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമ നിധി (ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു

മി. സ്പീക്കർ : ചർച്ചയില്ല. ശ്രീ. എളമരം കരീം, ശ്രീ. എം. നാരായണൻ (കുഴൽമന്ദം) എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. 2000-ത്തിലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ചു VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ലെജിസ്ലേറ്റീവ് ബിസിനസ് അവസാനിച്ചു. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000 ജൂൺ മാസം 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് 12 മണിക്ക് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly